**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 277** **23-08-2022 - ൽ മറുപടിയ്ക്ക്**

**തൊഴിലിടങ്ങളിൽ ശിശു പരിപാലന കേന്ദ്രം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ശശി | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | തൊഴിലിടങ്ങളിൽ ശിശു പരിപാലന കേന്ദ്രം എന്ന പദ്ധതിയിലൂടെ കുട്ടികൾക്ക് ലഭ്യമാകുന്ന സൗകര്യങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | (എ) | കേന്ദ്രാവിഷ്കൃത പദ്ധതിയായ നാഷണൽ ക്രഷ് സ്കീമിന്റെ ഭാഗമായുള്ള സേവനങ്ങൾ തൊഴിലിടങ്ങളിൽ ശിശു പരിപാലന കേന്ദ്രം പദ്ധതിയിലൂടെ ആരംഭിക്കുന്ന ക്രഷുകളിലെ കുട്ടികൾക്ക് ലഭ്യമാകുന്നു. 6 മാസം മുതൽ 6 വയസ്സ് വരെയുള്ള കുട്ടികൾക്ക് പരിചരണവും വിദ്യാഭ്യാസവും ഉറപ്പാക്കുന്നു. ഇതിന്റെ ഭാഗമായി പകൽ പരിപാലനം, ഉറങ്ങുന്നതിനുള്ള സൗകര്യം, കുഞ്ഞുങ്ങളിലെ ഏർളി സ്റ്റിമുലേഷൻ, പ്രീ സ്കൂൾ വിദ്യാഭ്യാസം, അനുപൂരക പോഷകാഹാരം, ആരോഗ്യ പരിശോധന, തുടങ്ങിയ സേവനങ്ങൾ ഉറപ്പാക്കുന്നു. ഇത് കൂടാതെ ഈ പദ്ധതി പ്രകാരം ആരംഭിക്കുന്ന ക്രഷിൽ ആവശ്യമായ ഫ്രിഡ്ജ്, വാഷിംഗ് മെഷീൻ, ഗ്യാസ് സ്റ്റൗ, ഗ്യാസ് കണക്ഷൻ, ശിശു സൗഹൃദ ഫർണിച്ചറുകൾ, പാചകത്തിനുള്ള പാത്രങ്ങൾ, ബ്രെസ്റ്റ് ഫീഡിംഗ് സ്പേസുകൾ, ക്രാഡിൽസ്, ബേബി മോണിറ്ററിംഗ് ഉപകരണങ്ങൾ, മെത്ത, കളിപ്പാട്ടങ്ങൾ, ബെഡ്ഷീറ്റ്, മറ്റ് ക്ലീനിംഗ് ഉപകരണങ്ങൾ, തുടങ്ങി ക്രഷിന്റെ പ്രവർത്തനങ്ങൾക്ക് ആവശ്യമായ സാധനങ്ങൾ വാങ്ങുന്നതിലേയ്ക്കായി ക്രഷ് ഒന്നിന് പരമാവധി 2 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്തെ എല്ലാ തൊഴിലിടങ്ങളിലും പ്രസ്തുത പദ്ധതി ആരംഭിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ? | (ബി) | ഒന്നാം ഘട്ടമായി നാഷണൽ ക്രഷ് സ്കീമിന്റെ ഭാഗമായി വനിത ശിശു വികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ കേരള സംസ്ഥാന ശിശുക്ഷേമ സമിതി മുഖേന 25 ക്രഷുകൾ ഈ വർഷം സർക്കാർ/ പൊതു ഓഫീസ് സമുച്ചയങ്ങൾ സ്ഥിതി ചെയ്യുന്നിടത്ത് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ